LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് 2015-16 കാലയളവിൽ 4640 കോടി രൂപയും 2016-17 -ൽ 3350 കോടി രൂപയും 2017-18-ൽ 1529 കോടി രൂപയും ഉൾപ്പെടെ 2015-2020 കാലയളവിൽ ആകെ 9519 കോടി രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. 2015-16 കാലയളവിൽ നാളിതുവരെ (2015 നവംബർ വരെ)3093.36 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര നികതികളിൽ നിന്നുള്ള വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി ഉയർത്തിയതിന്റെ ഭാഗമായി 2015-16-ൽ ഇതുവരെ (2015 നവംബർ വരെ) ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 7926.29 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ ലഭിച്ച തുക 7498.11 കോടി രൂപയാണ്. 2016-17 ൽ ആകെ 16,710.6 കോടി രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ്-ഇൻ-എയ്ഡായി 2015-16-ൽ നൽകിയത് 3555.45 കോടി രൂപയാണ്. (നവംബർ 2015 വരെ) 2014-15 സാമ്പത്തിക വർഷത്തിൽ 2460.5 കോടി രൂപ ഈ ഇനത്തിൽ ലഭിച്ചപ്പോൾ 2015-16 നവംബർ വരെ 3555.45 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2016-17 ൽ 4805.55 കോടി രൂപ ഈ ഇനത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ CPSMS-ലെ റിപ്പോർട്ട് പ്രകാരം 26-11-2015 വരെ കേന്ദ്രാവിഷ്കൃത പദ്ധതി /കേന്ദ്ര പദ്ധതി , സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം എന്നീയിനത്തിൽ 4074.45 കോടി രൂപ സംസ്ഥാനത്തിന് റിലീസ് ചെയ്ത് കിട്ടിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷാവസാനത്തിലെ കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈയിനത്തിൽ 2014-15 സാമ്പത്തിക വർഷത്തേക്കാൾ എത്ര തുക കൂടുതൽ ലഭിച്ചുവെന്ന് വ്യക്തമാകുകയുള്ളൂ. 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമാകുന്ന തുകയുടെ അടിസ്ഥാനത്തിൽ മാത്രമേ 2016-17-ൽ എത്ര തുക കേന്ദ്ര പദ്ധതിസഹായമായി ലഭിക്കുമെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

റവന്യൂ വരുമാനം

82 (87) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത സ്റ്റേറ്റ് ടാക്സും , ഡ്യൂട്ടീസും ഇനത്തിൽ ഓരോ മാസവും ലഭിച്ച ലാന്റ് റവന്യൂ, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, സ്റ്റേറ്റ് എക്സൈസ്, സെയിൽ ടാക്സ്ആന്റ് വാറ്റ്, ടാക്സസ് ഓൺ വെഹിക്കിൾ, മറ്റ് നികുതികളും ടാക്സുകളും എന്നീ ഇനത്തിലെ റവന്യൂ വരുമാനം എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ നികുതിയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇതുവരെ ഓരോ മാസവും ലഭിച്ചത് എത്ര തുക വീതമാണെന്ന വിവരം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഇനത്തിലാണ് ഓരോ മാസവും റവന്യൂ വരുമാനം പിന്നിട്ട വർഷത്തിനേക്കാൾ കുറവ് ഉണ്ടായിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം'എ ' ആയി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധം'ബി ' ആയി ചേർത്തിട്ടുണ്ട്.*

(സി) 1. രജിസ്ട്രേഷൻ വകുപ്പിൽ തീറാധരങ്ങളുടെ എണ്ണത്തിലുള്ള കുറവും കൈമാറ്റ വിസ്തീർണ്ണത്തിനുള്ള കുറവും കാരണം റവന്യൂ വരുമാനത്തിൽ ചെറിയ കുറവ് വന്നിട്ടുണ്ട്.

2. വാണിജ്യ നികുതി വകുപ്പിൽ റബ്ബറിന്റെ വിലയിൽ വന്ന കുറവ് നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതിയിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമിൻ ഫർണസ് ഓയിൽ എന്നിവയുടെ വില്പനയിൽ വന്ന കുറവും എണ്ണ കമ്പനികളിൽനിന്നുള്ള നികുതിയിൽ കുറവുണ്ടാകുന്നതിന് കാരണമായി. അരി, ഗോതമ്പ്, മൈദ, ആട്ട, സൂജി എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കിയതും നികുതി പിരിവ് കുറയുന്നതിനുള്ള കാരണമാണ്.ചിക്കന്റെ നികുതിയിനത്തിലും ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല. ബാർ ഹോട്ടലുകൾ, റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിലും വില്പനയിൽ വന്ന കുറവ് മൂലം പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല.

3. എക്സൈസ് വകുപ്പിൽ കള്ളുഷാപ്പുകളുടെ വാടകയിനം, ബിയറിന്റെ ഗാലനേജ് ഫീസ്, കെ.എസ്.ബി.സി/കൺസ്യൂമർഫെഡ്/എഫ്.എൽ.3 ഷോപ്പുകളുടെ ലൈസൻസ് ഫീസ്, ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഗാലനേജ് ഫീസ്, പിഴയും കണ്ടുകെട്ടലും മറ്റുവരവുകൾ (പലവകയിനം)എന്നീ ഇനങ്ങളിലാണ് റവന്യൂ വരുമാനം കുറവായത്.

4. ലാന്റ് റവന്യൂ വകുപ്പിൽ ഭൂനികുതിയില്ലാതെയുള്ള ലാന്റ് റവന്യൂ, തോട്ടം നികുതി, ജല നികുതി, ആഡംബര നികുതി എന്നിവയിലുണ്ടായ കുറവാണ് റവന്യൂ വരുമാനത്തിൽ കുറവുണ്ടാകാനുള്ള കാരണം.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly